പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം

279 (666) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം സംബന്ധിച്ച് എന്റെ അപേക്ഷയിന്മേൽ മന്ത്രി വിളിച്ചുചേർത്ത 17.12.2014-ലെ യോഗത്തിന്റെ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തത് ഗൗരവതരമായി കാണുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ ആയതിന് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിനായി ബഹുമാനപ്പെട്ട പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രിയുടെ നിയമസഭാ സമുച്ചയത്തിലെ ചേമ്പറിൽ 17-12-2014 -ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16 പേർക്ക് അഡീഷണൽ ടൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടിന്റെ ഒന്നാം ഗഡു തുക അനുവദിച്ചിട്ടുണ്ട്.

നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ടി കോളനിയിൽ പ്രമോട്ടർമാരായി ജോലി ചെയ്യുന്നതിന് സന്നദ്ധരായ വരില്ലാത്തതിനാൽ മറ്റ് കോളനിയിൽ നിന്നും താൽപ്പര്യമുള്ളവരെ പ്രൊമോട്ടർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വനം, എക്സൈസ്, ആരോഗ്യം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ . . ആരോഗ്യ സംബന്ധമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടി കോളനിയിലെ കുട്ടികൾക്കായി 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി കോളനിയിലെ 19 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ പ്രസ്താവിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വീഴ്ച പറ്റിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തെരഞ്ഞെടുത്തസങ്കേതങ്ങളിലെ/മേഖലകളിലെ പട്ടിവകവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതി

280 (667) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത സാങ്കേതങ്ങളിലെ/മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്രവികസന പദ്ധതിക്ക് എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾ എതെല്ലാമാണ്;

(സി) എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ;

(ഡി) പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുവാൻ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതിക്ക് 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/ മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതിക്ക് 150 കോടി രൂപ വകയിരുത്തിയതിൽ 85 കോടി രൂപ ഭവന നിർമ്മാണത്തിനും, 65 കോടി രൂപ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly